# Week -1

# Weekly Devotion - May 2017

## One Thing I Know (ഒന്ന് ഞാനറിയുന്നു) -

### യോഹ:(9:25)

**The healed blind man:**

"One thing I do know. I was blind but now I see!...If this man were not from God, he could do nothing."
John 9:25, 33

67

*നിരീശ്വരവാദിയായ റോബർട്ട് ഇൻഗർസോൾ ദൈവവചനത്തെയും വിശ്വാസികളെയും പഴിക്കുന്നവനായിരുന്നു. അയാളുടെ കുറവുകൾ ഒന്നും ഓർക്കാതെ കൃപയാൽ നടത്തിയ ദൈവത്തെ റോബർട്ട് അറിയുകയോ, അറിവാൻ ആഗ്രഹിക്കുകയോ ചെയ്തില്ല. ഒരിക്കൽ ലാസറിന്റെ കല്ലറയ്ക്കൽ എത്തിയ യേശുവിനെപ്പറ്റി തന്റെ ശ്രോതാക്കളോട് അദ്ദേഹം സംസാരിച്ചു. അതൊരു മുന്നാലോചനയുടെ അനന്തരഫലമാണെന്ന് അയാൾ വാദിച്ചു. സഹോദരിമാർ ലാസർ മരിച്ചു അടക്കി എന്ന വാർത്ത പരത്തിയത് മരിച്ചതു പോലെ കിടന്നവനെപ്പറ്റിയാണ്. ലാസറേ പുറത്തുവരിക എന്ന് യേശു പറഞ്ഞപ്പോൾ അതാണ് അവൻ പുറത്തു വന്നത്. ഈ വസ്തുത ന്യായികരിക്കുവാൻ ശ്രമിച്ചവനോട് ഒരു വൃദ്ധനായ മനുഷ്യൻ ഇപ്രകാരം പറഞ്ഞു. ഞാൻ എന്റെ യേശുവിനെ അറിയുന്നു. താങ്കൾക്ക് ഒന്നും അറിയുകയില്ല. മരണം സംഭവിച്ച് നാലാം ദിവസം കഴിഞ്ഞാണ് യേശു കല്ലറയ്ക്കൽ എത്തിയത്. ലാസറേ എന്ന പേർ വിളിച്ചത് മരണം അഭിനയിച്ചവനെ ഉണർത്തുവാൻ അല്ല മറിച്ച് മരിച്ച് നാറ്റം വച്ചവനെ പുറത്തുകൊണ്ടുവരുവാനായിരുന്നു. പേർ വിളിച്ചു പറഞ്ഞില്ലായിരുന്നു എങ്കിൽ ബെഥാന്യയിലെ കല്ലറകളിലുള്ളവർ എല്ലാം പുറത്തു വരുമായിരുന്നു. ഈ മറുപടി നിരീശ്വരവാദിയുടെ വായ് അടപ്പിച്ചു.*

*'അറിയുക ' എന്ന് പറയുമ്പോൾ പുതിയ തലമുറ Google നൽകുന്ന അറിവിനെപ്പറ്റി ചിന്തിയ്ക്കുന്നു. ഇയ്യോബ് (12:12) ൽ നിന്നും ജ്ഞാനവും വിവേകവും വൃദ്ധന്മാരിലും വയോധികരിലും ഉണ്ടെന്ന് കാണുന്നു. ഇത് ജീവിത പരിചയത്തിൽ നിന്നും ലഭ്യമാകുന്നതാണ്. എന്നാൽ നമുക്ക് നമ്മെപ്പറ്റി അറിയണമെങ്കിൽ വചനമാകുന്ന കണ്ണാടിയിൽ നാം നമ്മെതന്നെ നോക്കിയാലേ മതിയാകുകയുള്ളു, നമ്മുടെ വ്യക്തിപരമായ കുറവുകളും , നന്മകളും എല്ലാം അറിയുവാൻ യേശുവിനെ അറിയണം.*

ഈ വായന ഭാഗത്തെ മനുഷ്യൻ ജന്മനാ കുരുടനാണ്. കുരുടന്റെ പ്രവർത്തി ചെയ്യുന്നവനെ നാട്ടുകാരും, വീട്ടുകാരും ആ വിധത്തിൽ അറിഞ്ഞു കഴിഞ്ഞു .അവന് പ്രായമുണ്ടല്ലോ (യോഹ :9:21) എന്ന് മാതാപിതാക്കൾ പറയുന്നതിൽ നിന്നും അവന് ജീവിത



പരിചയമുണ്ടെന്ന് വ്യക്തമാണ് . എന്നാൽ അവനും അവന്റെ മാതാപിതാക്കളും തമ്മിലുള്ള വ്യത്യാസമാണ് എന്നെ സന്തോഷിപ്പിച്ചത് . 'ഒന്ന് അവൻ അറിഞ്ഞു' തന്റെ കണ്ണിന്റെ കാഴ്ച്ചയ്ക്കായി സ്പർശിച്ചവനെയും, അവന്റെ പ്രവർത്തിയുടെ ഫലത്തെയും, കൂടാതെ അവൻ ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവൻ എന്നും മനസിലാക്കുക മാത്രമല്ല അത് ധൈര്യമായി പ്രസ്താവിക്കുകയും ചെയ്തു. ഇന്ന് പലരും തങ്ങളുടെ ആരോഗ്യത്തിൽ, ജീവിത നിലവാരത്തിൽ വരുന്ന മാറ്റം അറിയുന്നുണ്ട്. യഥാർത്ഥ ദാതാവിനെപ്പറ്റി മനസിലാക്കുവാനോ പറയുവാനോ അവർ ശ്രമിക്കുന്നില്ല. ഈ കുരുടന്റെ മാതാപിതാക്കളും അപ്രകാരമുള്ളവരാണ്. അവൻ കുരുടനായിരുന്നു, ഇപ്പോൾ കാണുന്നത് എങ്ങനെയെന്നറിയുന്നില്ല, ആർ തുറന്നു എന്നും അറിയുന്നില്ല (യോഹ:9:21) എന്ന് അവർ പറയുന്നത് അതുകൊണ്ടാണ്.

പ്രീയകുഞ്ഞുങ്ങളേ ! കുരുടൻ അവനിലെ മാറ്റം തിരിച്ചറിഞ്ഞപോലെ, ദൈവീക സാമിപ്യം സ്പർശനം നിങ്ങളിൽ വലിയ മാറ്റം തരുമെന്നറിയുക. ആ അറിവ് ലഭിക്കുന്നവൻ പുറത്താക്കുമെന്ന് ഭയപ്പെടുന്നു. ലോകശക്തികളെ അവഗണിച്ച് ധൈര്യമായി ക്രിസ്തുവിന്റെ വഹത്വത്തെ പ്രസ്താവിക്കുന്നു. അവസ്ഥകളിലെ മാറ്റം അറിയുന്നവനെ ദൈവം കൂടെ വസിച്ചനുഗ്രഹിക്കും. അതിനാൽ ***"അറിയുന്ന ഒന്ന്"*** സാക്ഷിപ്പാൻ ദയവായി മറക്കരുതേ ദൈവം അനുഗ്രഹിക്കട്ടെ.

***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind